കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സമഗ്ര യന്ത്രത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണം - നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണം- റിലീസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വ്യവസായ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.882/2023/ID തീയതി,തിരുവനന്തപുരം, 25-08-2023

---

പരാമർശം:- 1. സ.ഉ.(സാധാ) നം.691/2023/വ്യവ തീയതി 06/07/2023

2. കൈത്തറി ഡയറക്ടറുടെ 16/07/2023 തീയതിയിലെ എച്ച്.എൽ/813/2023- റ്റി2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സമഗ്ര യന്ത്രത്തറിസംഘങ്ങളുടെ ആധുനികവത്ക്കരണ പദ്ധതിയിൻ കീഴിൽ നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും 4860-01-195-92(പി) ശീർഷകത്തിൻ കീഴിൽ 30ലക്ഷം രൂപയ്ക്ക് പരാമർശ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

(2) നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും 4860-01-195-92(പി) ശീർഷകത്തിൻ കീഴിൽ ഭരണാനുമതി നൽകിയ 30 ലക്ഷം രൂപ റിലീസ് ചെയ്തു നൽകുന്നതിനായി പരാമർശ കത്ത് പ്രകാരം കൈത്തറി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(3) സർക്കാർ ഈ വിഷയം പരിശോധിച്ചു. ടെക്സ്ഫെഡിന്റെ നിയന്ത്രണ ത്തിലുള്ള സമഗ്ര യന്ത്രത്തറിസംഘങ്ങളുടെ ആധുനികവത്ക്കരണ പദ്ധതിയിൻ കീഴിൽ നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും "4860-01-195-92-*Modernisation Of Powerloom Co-Operative Societies Under Texfed (P)*" ശീർഷകത്തിൻ കീഴിൽ 15,00,000/-രൂപ(പതിനഞ്ച് ലക്ഷം രൂപ)യ്ക്ക്, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, റിലീസ് അനുമതി നൽകി ഉത്തരവാകുന്നു.

1) 16.04.2018-ലെ GO(P) No.62/2018/Fin അനുസരിച്ച് ഫണ്ടുകൾ PSTSB അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

2) 09-12-2008 തീയതിയിലെ സർക്കുലർ നമ്പർ 84/2008/ഫിൻ, 29/08/2009 ലെ സർക്കുലർ നമ്പർ 75/09/ഫിൻ, 30/01/2018 ലെ സർക്കുലർ നമ്പർ.8/2018/ഫിൻ, 16.06.2018 ലെ സർക്കുലർ നമ്പർ 53/2018/Fin എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിക്കപ്പെട്ട പദ്ധതിക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കേണ്ടതും മറ്റാവശ്യങ്ങൾക്കായി വക മാറ്റുവാൻ പാടില്ലാത്തതുമാണ്.

4) 11.06.2018-ലെ GO (P) No.88/2018/fin, 03.07.2018-ലെ GO(P) No.100/2018/Fin എന്നിവ പ്രകാരം, നൽകിയ പ്ലാൻ ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച പ്രവർത്തന മാർഗനിർദ്ദേശങ്ങൾ, കൃത്യമായി പാലിക്കേണ്ടതാണ്.

5) ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

6) മുൻ റിലീസിൽ നിന്നും ചെലവഴിക്കാത്ത ബാക്കി, എന്തെങ്കിലും ഉണ്ടെങ്കിൽ, ഫണ്ടുകളുടെ നിലവിലെ റിലീസിന് ആയത് ക്രമീകരിക്കേണ്ട താണെന്ന്, ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ഉറപ്പ് വരുത്തേ ണ്ടതാണ്.

7) തുടർന്ന് ഫണ്ട് അനുവദിക്കേണ്ടുന്ന പ്രൊപ്പോസലുകളിൽ, മുൻപ് അനുവദിച്ചിട്ടുള്ളതും ഇപ്പോൾ അനുവദിക്കുന്നതുമായ ഫണ്ടുകളുടെ വിനിയോഗസർട്ടിഫിക്കറ്റ്/ചെലവ് വിശദാംശങ്ങൾ 9/1/2020-ലെ ജി.ഒ(പി) നം.4/ 2020/ഫിൻ-ൽ നിഷ്കർഷിച്ചിരിക്കും പ്രകാരം നിശ്ചിത മാതൃകയിൽ സമർപ്പിക്കേ ണ്ടതാണ്.

8) ലോൺ മോണിറ്ററിംഗും ഫണ്ട് മാനേജ്മെന്റും സംബന്ധിച്ച് 26.11.2021 തീയതിയിലെ G.O.(P) No.157/2021/Fin & 18.12.2021 ലെ G.O.(P) No.171/2021/Fin എന്നിവയിലെ വ്യവസ്ഥകൾ കൈത്തറി ഡയറക്ടർ പാലിക്കേണ്ടതാണ്.

**(4)** കൈത്തറി ഡയറക്ടർ പ്രസ്തുത തുക പിൻവലിച്ച് ടെക്സ്റ്റൈഡ് മുഖാന്തരം നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം

/2023/ID

No:

മാനേജിംഗ് ഡയറക്ടർ, ടെക്സ്ഫെഡ്, തിരുവനന്തപുരം

സെക്രട്ടറി, നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെയ്യാറ്റിൻകര

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K-Bip, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം

ധനകാര്യ(പ്ലാനിംഗ്-ബി) വകുപ്പ്

ധനകാര്യ(GMC)വകുപ്പ്

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് (21.06.2023 തീയതിയിലെ വ്യവസായവകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം പ്രകാരം)

വ്യവസായ (ജെ) വകുപ്പ്

വിവര-പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar R
Date: 25-08-2023 15:11:15
സെക്ഷൻ ഓഫീസർ